കയർ തൊഴിലാളി ക്ഷേമനിധിയുടെ ആനുകൂല്യത്തിനുവേണ്ടി യുള്ള അപേക്ഷ

577 [722] ശ്രീ. വി. കെ. രാജൻ:
,, കാനം രാജേന്ദ്രൻ:
ശ്രീമതി ഭാഗ്യർഗവി തങ്കപ്പൻ:
ശ്രീ. കെ. ടി. കുണാരൻ:
,, കെ. വി. സുരേന്ദ്രനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ തൊഴിലാളി ക്ഷേമനിധി പ്രകാരം ഇതിനകം എത്ര തൊഴിലാളികൾക്ക്. അതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്;

(ബി) ആനുകൂല്യങ്ങൾക്കായി എത്ര അപേക്ഷ ഓഫീസുകളിൽ തീരുമാനമാകാതെ കിടക്കുന്നുണ്ട്;

(സി) ഇവയുടെ ജില്ല തിരിച്ചുള്ള കണക്കു വ്യക്തമാക്കുമോ?

ഉത്തരം

(എ) 290 പേർക്ക്.

(ബി) 306 അപേക്ഷകൾ.

(സി) താഴെ ചേർത്തിരിക്കുന്നു:

കൊല്ലം	51
ആലപ്പുഴ	147
ആലുവ	43
തൃശ്ശൂർ	26
കോഴിക്കോട്	24
കോട്ടയം	15

ഗ്രാമീണ തൊഴിലാളി ക്ഷേമപദ്ധതി

578 [723] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ തൊഴിലാളി ക്ഷേമ പദ്ധതി നടപ്പിലാക്കാൻ ഈ ഗവൺമെന്റ് 15-6-1986-വരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ബി) ഈ പദ്ധതി ഈ വർഷം തന്നെ നിലവിൽ വരുമോ?

ഉത്തരം

(എ) ഗ്രാമീണ തൊഴിലാളി ക്ഷേമപദ്ധതി എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കാൻ നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. എന്നാൽ ഗ്രാമീണ ആർട്ടിസാൻസ്, കരകൗശല തൊഴിലാളികൾ അതുപോലെയുള്ള മറ്റു തൊഴിലാളികളും ഉൾപ്പെടെ അലക്കു തൊഴിലാളികൾ തയ്യൽ തൊഴിലാളികൾ ബാർബറൻമാർ കാർപ്പെന്റേഴ്സ് എന്നിവർക്ക് പൊതുവായി ഒരു ഇൻഷൂറൻസ്-കം റിട്ടയർമെന്റ് ബെനിഫിറ്റ് സ്കീം ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്.

LIBRARY ARCHIVES.Kerala Legislative Assembly

(ബി) ഈ പദ്ധതി ഈ വർഷം തന്നെ നിലവിൽ വരുമോ എന്ന് പറയാൻ നിർവ്വാഹമില്ല.

കയർ തൊഴിലാളികൾക്കു ക്ഷേമനിധി

579 [724] ശ്രീമതി കെ. ആർ. ഗൗരി:
ശ്രീ. കെ. മൂസ്സക്കുട്ടി:
,, ടി. കെ. അബ്ദു:
,, വർക്കല രാധാകൃഷ്ണൻ:
,, വി. ജെ. തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യത്തിന് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കയർ തൊഴിലാളികൾക്ക് ക്ഷേമനിധി രൂപീകരിച്ചത് എന്നു മുതലാണ്?

ഉത്തരം

6–3–1984 മുതൽ.

കൈത്തറി തൊഴിലാളി ക്ഷേമനിധിയിലേക്ക് അനുവദിച്ച തുക

580 [725] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി തൊഴിലാളികളുടെ ക്ഷേമനിധിയിലേക്ക് 1982-നു ശേഷം ഇതുവരെയായി ഓരോ വർഷവും അനുവദിച്ച തുക എത്ര;

(ബി) ക്ഷേമനിധിയിൽ നിന്ന് എത്ര തൊഴിലാളികൾക്ക് ഇതിനകം ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്?

ഉത്തരം

(എ) 1983–84–ൽ 1,50,000, 1984–85–ൽ 25,000.

(ബി) 152 പേർക്ക്.

അലക്കു തൊഴിലാളികൾക്ക് ക്ഷേമനിധി

581 [726] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അലക്കു തൊഴിലാളികളെ സഹായിക്കുന്നതിന് എന്തെങ്കിലും പുതിയ നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ:

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) അലക്കു തൊഴിലാളികളെ സഹായിക്കുവാൻ ക്ഷേമനിധി രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) അലക്കു തൊഴിലാളികൾ, തയ്യൽ തൊഴിലാളികൾ, ബാർബറൻമാർ, കാർപ്പന്റർമാർ എന്നീ ആർട്ടിസാൻസ് തൊഴിലാളികളുടെ ക്ഷേമത്തെ മുൻനിർത്തി ഇവർക്ക് ഒരു ഇൻഷ്യുറൻസ്–കം–റിട്ടയർമെന്റ് ബെനിഫിറ്റ് സ്കീം നടപ്പിലാക്കുന്ന കാര്യം ഗവൺമെന്റിന്റെ സജീവ പരിഗണനയിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly